## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5314 — 25.10.2011 - ൽ മറുപടിക്ക്

## വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ.കെ. അച്യുതൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) ഐ.ഇ.ഡി.എസ്.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ഐ.ഇ.ഡി.എസ്.എസ്. സ്കീം തുടരുന്നതിനുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ ഇവ മൂന്നും ചേർന്ന പദ്ധതിയ്ക്ക് രൂപം നൽകുമോ; | (ബി) വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പദ്ധതി പ്രകാരം വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ എന്നിവ ചേർന്നുള്ള പഠനരീതിയാണ് നിലവിലുള്ളത്. |

| | |
|---|---|
| (സി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ ഏതെല്ലാം; വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് വ്യത്യസ്ത ശേഷിയുള്ള കുട്ടികൾക്കു വേണ്ടി 'സ്പെഷ്യൽ സ്കൂൾ സിസ്റ്റവും' (സ്കൂൾ ഫോർ ദി ബ്ലൈൻഡ്, സ്കൂൾ ഫോർ ദി ഡഫ്, സ്കൂൾ ഫോർ ദി മെന്റലി റിട്ടാർഡഡ്) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വികലാംഗരായ കുട്ടികൾ സാധാരണ കുട്ടികളോടൊപ്പം പൊതുവിദ്യാലയങ്ങളിൽ വിദ്യ അഭ്യസിക്കുന്ന "സംയോജിത വിദ്യാഭ്യാസ പദ്ധതിയും (IEDSS)" നിലവിലുണ്ട്. സംസ്ഥാനത്തെ വികലാംഗരായ കുട്ടികളുടെ വിദ്യാഭ്യാസ പദ്ധതികളിലെല്ലാം വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഊന്നൽ നൽകിയിട്ടുള്ള സംവിധാനമാണ് നിലവിലുള്ളത്. മാനസിക വൈകല്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2008-09 വർഷവും തൊഴിൽ പരിശീലനത്തിനായി 2009-2010, 2010-2011 വർഷങ്ങളിലും തുക അനുവദിച്ചിട്ടുണ്ട്. മാനസിക വൈകല്യങ്ങളുള്ള കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്കായി സർക്കാർ ധനസഹായം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ